പ്പൊളിക്കുകയും അവരെ മാരകമായ പരിക്കേൽപ്പിക്കുകയും ചെയ്തു എന്നാണ് ഞാൻ അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസിൽനിന്നും കിട്ടിയിരിക്കുന്നത് തെറ്റായ റിപ്പോർട്ടാണ്. സുരേന്ദ്രനും രാജനും മൂന്നാറിലെ ടാറ്റാസിന്റെ ഹോസ്പിറ്റലിൽ ഇപ്പോഴും ചികിൽസയിലാണ്. ഇതിൽ രാജന്റെ മുറിവ് മാരകമായതാണ്. ആ പ്രദേശം മുഴുവനും ഇപ്പോൾ വളരെ സംഘർഷാവസ്ഥയിലാണ്. ഹരിജനായ കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. ഗണപതിയുടെ മക്കളുടെ നേരെ ഉണ്ടായിരിക്കുന്ന നീചമായ ഈ ആക്രമണത്തെ വളച്ചൊടിച്ച് കൊണ്ടുവരുന്നത് ശരിയല്ല. ഇക്കാര്യത്തിൽ പോലീസ് യാതൊരുവിധമായ നടപടിയും ഇന്നുവരെ എടുത്തിട്ടില്ല എന്നുള്ളതാണ് ഞങ്ങൾക്ക് ഇന്നുവരെ കിട്ടിയിരിക്കുന്ന വിവരങ്ങൾ. ശ്രീ. ഗണപതിയെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായി പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിച്ചതിൽനിന്നുണ്ടായ വിരോധംവച്ചുകൊണ്ട് അവിടത്തെ ചിലപ്രമാണിമാർ ഈ കേസ് ഒതുക്കുന്നതിനും ഈ കേസ് എടുപ്പിക്കാതിരിക്കുന്നതിനും പോലീസിനെക്കൊണ്ട് മറ്റ് രീതിയിൽ കേസ് എടുപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് അന്വേഷിച്ച് വ്യക്തമായി ഈ കേസിന്റെ സത്യസന്ധത വെളിപ്പെടുത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഗുരുതരമായ നിയമസമാധാന പ്രശ്നമൊന്നും ഇപ്പോൾ നിലവിലില്ലെന്നും ആവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ടെന്നുമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ കരുതുന്നില്ല. അടിയന്തിരപ്രമേയത്തിന് ഞാൻ അനുമതി നിഷേധിക്കുന്നു.

V. ശ്രദ്ധക്ഷണിക്കൽ

മാധവചൈതന്യത്തിന്റെ കൊലപാതകം

ശ്രീ. ആർ. എസ്. ഉണ്ണി: സർ, മയ്യനാടിനടുത്ത് പുല്ലിച്ചിറ എന്ന സ്ഥലത്ത് മാധവചൈതന്യ എന്ന പേരിൽ ഒരു സന്യാസി കഴിഞ്ഞ 22 കൊല്ലക്കാലമായി ഒരു ആശ്രമം നടത്തിവരികയായിരുന്നു. കഴിഞ്ഞ 1-ാം തീയതി രാത്രി ആരോ അക്രമികൾ സ്വാമിയെ വധിച്ചു. കഴുത്തിൽ മുണ്ടിട്ടുമുറുക്കി, തലയിൽ മുറിവുകളോടുകൂടി സ്വാമി മരിച്ച നിലയിലാണ് കാണപ്പെട്ടത്. ആ പ്രദേശത്തെ ആളുകൾക്ക് വലിയ ശല്യമൊന്നും ചെയ്യുന്ന ആശ്രമമല്ല അത്. ചുറ്റും മതിൽക്കെട്ടും വലിയ ബന്ധവസ്സുമൊക്കെയുള്ള ഒരു ആശ്രമമാണ്. മയ്യനാട്ടെ ബഹുജനങ്ങൾ വലിയ അന്ധവിശ്വാസികളൊന്നുമല്ല. അതുകൊണ്ട് ഈ ആശ്രമത്തിന്റെ നടത്തിപ്പും മറ്റു കാര്യങ്ങളും ആ പ്രദേശത്തെ ആളുകൾക്ക് വിഷമങ്ങൾ ഉണ്ടാക്കിയിട്ടില്ല, വലിയ പ്രതികരണങ്ങൾ ഉണ്ടാക്കാനും കഴിഞ്ഞിട്ടില്ല. കുറെക്കാലമായി സ്വാമി അവിടെ സൈ്വരമായി കഴിഞ്ഞുകൂടുന്നു. അങ്ങനെയിരിക്കവേയാണ് അവിടെ ഈ കൃത്യമുണ്ടായത്. പത്രങ്ങളിൽ ഇതിനേക്കുറിച്ച് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. പത്രങ്ങളിൽവന്ന റിപ്പോർട്ടുകൾ പൂർണ്ണമായും ശരിയല്ലെന്നാണ് എന്റെ അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. പോലീസിൽനിന്നുമുള്ള വിവരങ്ങളാണ് പത്രക്കാർക്കും ലഭിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞത്. പോലീസിന്റെ അന്വേഷണം നടക്കുന്നു. പോലീസ് നായ്ക്കളും പതിവുപോലെ എല്ലാ സ്ഥലങ്ങളിലും വന്നിട്ട് അവ തിരിച്ചു പോന്നിട്ടുണ്ട്. പോലീസുകാരും തിരിച്ചുപോയിട്ടുണ്ട്. ആ പ്രദേശത്ത് ചില പ്രത്യേകതകളും ഉണ്ട്. പരവൂർ പോലീസ് സ്റ്റേഷന്റെ അതിർത്തിയിലാണ് മയ്യനാട് പഞ്ചായത്ത്. റോഡിൽക്കൂടി സ്റ്റേഷനിൽ പോകണമെങ്കിൽ 20 മൈൽ യാത്രചെയ്യണം. അടുത്ത പോലീസ് സ്റ്റേഷന്റെ അധികാരാതിർത്തിയിൽപ്പെട്ടതല്ലെന്ന വസ്തുത പലതവണ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അവിടെ ഈ അടുത്തകാലത്തായി അക്രമികളുടെ മോശപ്പെട്ട പ്രവൃത്തികളും ധാരാളമായി നടക്കുന്നുണ്ട്. ധാരാളം പരാതികളും അവിടത്തെ മാന്യൻമാരായ ആളുകളും പോലീസിൽ കൊടുത്തിട്ടുണ്ട്. അതിന് കാര്യക്ഷമമായ അന്വേഷണങ്ങളും ഉണ്ടായിട്ടില്ല. ഈ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും അവരെ നിയമങ്ങളുടെ ദണ്ഡനത്തിന് വിധേയമാക്കുന്നതിനുമുള്ള കാര്യക്ഷമത ഇവിടത്തെ പോലീസിന് കുറവാണെന്നുള്ളത് ഒരു വസ്തുതയാണ്.

സർ, ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ ഒരു ആയുർവേദവൈദ്യൻ താമസിച്ചിരുന്നു. അയാളെ ഒറ്റക്കാണ് താമസിച്ചിരുന്നത്. വല്ലപ്പോഴും കുറച്ചുമരുന്നൊക്കെ ആളുകൾക്ക് കൊടുക്കുന്നെന്നല്ലാതെ അയാളെക്കൊണ്ട് നാട്ടുകാർക്ക് യാതൊരു ഉപദ്രവവുമില്ലായിരുന്നു. അയാളെ ആരോ വീട്ടിൽക്കയറി വെട്ടിക്കൊന്നു. ഇതുവരെയായിട്ടും യാതൊരു തെളിവും തുമ്പും ഉണ്ടായിട്ടില്ല. ഇത്തരം കുറ്റകൃത്യങ്ങളെ സംബന്ധിച്ച്, ഈ നടക്കുന്ന കൊലപാതകങ്ങളും, അതുപോലും അന്വേഷിച്ച് കണ്ടുപിടിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് ഇന്ന് പോലീസിനുള്ളത്. സർ, ഇത് ഗൗരവതരമായി ഗവൺമെന്റ് കണക്കിലെടുക്കണമെന്നും കുറ്റവാളികളെ കണ്ടുപിടിക്കാനും അവരെ നിയമത്തിന്റെ ദണ്ഡനത്തിന് വിധേയമാക്കാനും പോലീസിന്റെ കാര്യക്ഷമത വീണ്ടെടുക്കാനും കർശനമായ നടപടികളും സ്വീകരിക്കാൻ കഴിയാതെവന്നാൽ ഭൂരിഭാഗം ജനങ്ങൾക്കും അവരുടെ കഴുത്തിൽ ശിരസ്സ് ഇരിക്കുന്നകാര്യം ബുദ്ധിമുട്ടായിവരുമെന്നുള്ളത് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ മയ്യനാട്ടുള്ള ശ്രീകൃഷ്ണചൈതന്യ ആശ്രമത്തിന്റെ മഠാധിപതി മാധവചൈതന്യ സ്വാമികളെ ഒന്നാം തീയതി രാത്രി ആരോ കൊലപ്പെടുത്തിയിട്ടുണ്ട്. വെളുപ്പിന് അഞ്ചുമണിക്കാണ് ആശ്രമമുറ്റത്ത് അദ്ദേഹത്തിന്റെ മൃതദേഹം കണ്ടത്. മുണ്ടിട്ട് കഴുത്ത് വരിഞ്ഞുമുറുക്കി ശ്വാസംമുട്ടിച്ചാണ് കൊന്നതു്. ശ്വാസംമുട്ടിയാണ് മരിച്ചത് എന്നാണ് പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അതിനുപുറമേ തലയിൽ മൂന്നു മുറിവുകളുണ്ട്. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ കേശവസ്വാമിയും ഭാര്യ ഭാർഗ്ഗവിയും ഈ ആശ്രമത്തിൽത്തന്നെ താമസിക്കുന്നുണ്ട്. ജ്യേഷ്ഠന്റെ ഭാര്യയാണ് ശവം ആദ്യമായി കണ്ടത്. ഈ വിവരം ഉടനെ പോലീസിനെ അറിയിക്കുകയുണ്ടായി. തുടർന്ന് എട്ടു മണിക്ക് പരവൂർ പോലീസ് സ്ഥലത്തെത്തി ആവശ്യമായ നടപടികളും സ്വീകരിച്ചു. അതിനുപുറമെ കൊല്ലത്തുനിന്ന് ഫ്രൈം ബ്രാഞ്ച് ഡി. വൈ. എസ്. പി-യും മറ്റ് ഉദ്യോഗസ്ഥൻമാരും മൊബൈൽ ലാബറട്ടറിയുമായി സ്ഥലത്തുവരുകയും, സത്വരമായ അന്വേഷണങ്ങളും ആരംഭിക്കുകയും, നടത്തുകയും ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തുനിന്ന് പോലീസ് നായ്ക്കളെയും കൊണ്ടുപോയി അവയുടെ സഹായവും സത്വരമായ അന്വേഷണത്തിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. ചോരപുരണ്ട ഒരു ഇരുമ്പുകമ്പിയും രണ്ട് ചെരുപ്പുകളും ആശ്രമമുറ്റത്തുതന്നെ കാണുകയുണ്ടായി. അടുത്ത് ഒഴിഞ്ഞുകിടന്ന ഒരു വീട്ടിൽനിന്ന് രണ്ട് ചെരുപ്പുകൾ പോലീസ് കണ്ടെടുത്തിട്ടുണ്ട്. സമീപത്തുള്ള പല ആളുകളേയും പോലീസ് ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ഊർജ്ജസ്വലമായ അന്വേഷണങ്ങൾ അങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണ്. സർ, സ്വാമിജിയുടെ മുറി തുറന്നുകിടക്കുകയായിരുന്നു. അവിടെയുള്ള സാധനസാമഗ്രികളൊക്കെ വലിച്ചുവാരി ഇട്ടിട്ടുണ്ട്. ഭാർഗവിയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന് 12 മോതിരങ്ങളും, കുറച്ച് കോയിൻസും അതുപോലെതന്നെ ഏകദേശം രണ്ടായിരത്തോളം വരുന്ന കറൻസി നോട്ടുകളുമാണ് സമ്പാദ്യമായിട്ടുള്ളതെന്നാണ്. അദ്ദേഹം എപ്പോഴും കമ്മൽ ധരിക്കുമായിരുന്നു. അത് ഇപ്പോൾ കാണാനില്ല. മോതിരങ്ങളിൽ നാലെണ്ണം കാണാനില്ല. അതുപോലെതന്നെ രണ്ട് വിലപിടിച്ച റിസ്റ്റ് വാച്ചുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. അതും കാണാനില്ല. കുറെ സാധനങ്ങൾ പോയിട്ടുണ്ട്. പോലീസിന്റെ കണക്കുകൂട്ടലനുസരിച്ച്, ഏകദേശം ആറായിരത്തോളം രൂപ വിലപിടിച്ച സാധനങ്ങളാണ് കാണാതെവന്നത്. ഇതാണ് നടന്ന സംഭവത്തിന്റെ വിവരണവും പശ്ചാത്തലവും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപോലെ ഈ ആശ്രമവും ആശ്രമവാസികളും നാട്ടുകാർക്ക് മറ്റൊരുതരത്തിൽ ഒരു ഉപദ്രവവും ഉണ്ടാക്കിയിരുന്നില്ല. അവിടെയുള്ള വിലപിടിച്ച സാധനങ്ങളൊക്കെ എടുത്തുകൊണ്ടുപോയിരിക്കുകയാണ്.

മയ്യനാട്ടും, പരിസരപ്രദേശങ്ങളിലും ഞാൻ അന്വേഷിക്കുകയുണ്ടായി, സമീപകാലത്ത് ഇതുപോലുള്ള സംഭവങ്ങൾ മറ്റെന്തെങ്കിലും നടന്നിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി. എനിക്ക് കിട്ടിയ റിപ്പോർട്ട് കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ മയ്യനാട്ടും പരിസരപ്രദേശങ്ങളിലും ചില കളവുകേസുകൾ നടന്നിട്ടുണ്ടെന്നാണ്. അങ്ങനെ ഏഴ് കേസുകളാണ് ഉണ്ടായിട്ടുള്ളത്. അതിൽ നാല് കേസുകളിൽ അന്വേഷണഫലമായി അതിന്റെ ആളുകളെ പിടികൂടി, തൊണ്ടികളും പിടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി മൂന്നു കേസുകൾ അന്വേഷണത്തിലിരിക്കുകയാണ്. ആ പ്രദേശത്ത് ഗുരുതരമായ കൊലപാതകങ്ങളോ, മറ്റു കേസുകളോ ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ല. എന്നായാലും ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷിക്കാനായി ഇപ്പോഴും കൊല്ലം ക്രൈം ബ്രാഞ്ച് ഡി. വൈ. എസ്. പി.-യും മറ്റ് ഉയർന്ന ഉദ്യോഗസ്ഥൻമാരും സ്ഥലത്തുതന്നെ ക്യാമ്പ് ചെയ്തിരിക്കുകയാണ്, സത്വരമായ അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു ചോദ്യം. മയ്യനാട് പഞ്ചായത്ത് അതിർത്തി, ഇരുപത് മൈൽ അകലെ കിടക്കുന്ന പരവൂർ പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽനിന്ന് തൊട്ടടുത്തുകിടക്കുന്ന കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷന്റെയോ, ചാത്തന്നൂർ പോലീസ് സ്റ്റേഷന്റെയോ, അതിർത്തിയിൽ കൊണ്ടുവരാൻ വേണ്ട നടപടികൾ ദയവായി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. മാണി: പോയിൻറ് ഓഫ് ആർഡർ. Rules of Procedure, section 253 അനുസരിച്ച് The recommendations of the Committee shall be laid on the Table and within a period of seven days, beginning with the day on which they are so laid, any member may give notice of any amendment to such recommendations എന്നാണ്. ഈ രീതിയിൽ റൂംസ് കമ്മിറ്റിയുടെ റെക്കമെൻറേഷൻസിന് ഞാൻ ഒരു ഭേദഗതി കൊടുത്തിരുന്നു. അത് സെക്ഷൻ 2 അനുസരിച്ച് ആണ്. Section 2.—Any notice given by a member of any amendment to the recommendations of the Committee shall stand referred to the Committee who shall consider it and make such changes in their recommendations as the Committee may consider fit. The final report of the Committee after taking into consideration the amendments suggested by the members shall be laid on the Table. Thereafter, on the Assembly agreeing to the report on a motion made by a member of the Committee the amendments to the rules as approved by the Assembly, shall be promulgated by the Speaker in the Bulletin. പക്ഷേ ഞാൻ ഈ ഏഴുദിവസത്തിനുള്ളിൽതന്നെ അമൻറ്മെൻറ് കൊടുത്തു. അത് കിട്ടിയതായിട്ട് എനിക്ക് അക്നോളജ്മെൻറും കിട്ടിയിട്ടുണ്ട്. പക്ഷേ അതിനുശേഷം കമ്മിറ്റികൂടാതെതന്നെ അത് ബുള്ളറ്റിൽ ഉൾപ്പെടുത്തി ഇറക്കിയിരിക്കുകയാണ്. ഇത് സഭാനടപടി ചട്ടങ്ങളം അനുസരിച്ചാണോ ? ഇത് എൻറെ അവകാശത്തെ തന്നെ ചോദ്യം ചെയ്തിരിക്കുകയാണ് എന്നാണ് എനിക്ക് പറയാനുള്ളത്. റൂംസ് ആഫ് പ്രൊസീഡ്യുവറിൽ പറഞ്ഞിരിക്കുന്ന, മെമ്പർക്ക് കൊടുത്തിരിക്കുന്ന അവകാശത്തെ ചോദ്യം ചെയ്യുന്ന രീതിയിൽ, ഞാൻ കൊടുത്ത അമൻറ്മെൻറ് പരിഗണിക്കാതെ ബുള്ളറ്റിൽ ഉൾപ്പെടുത്തി ഇറക്കിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ചെയറിൽനിന്ന് റൂളിംഗ് ആവശ്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനെക്കുറിച്ച് അനേഷിക്കുന്നതാണ്. അമെൻറ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബഹളം)

ശ്രീ. കെ. എം. മാണി: രേഖകളോടുകൂടി, വ്യക്തമായ വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് ഉന്നയിച്ചിട്ടുള്ള പോയിൻറ് ആഫ് ആർഡറിന് അങ്ങ് റൂളിംഗ് നൽകണം; ഒന്നുകിൽ ഇപ്പോഴം, അല്ലെങ്കിൽ പിന്നീട്. അദ്ദേഹം അമെൻറ്മെൻറ് കൊടുത്തു, ആ കൊടുത്തത് പരിഗണിക്കാതെ ബുള്ളറ്റിൻ അടിച്ചിറക്കിയത് നിയമവിരുദ്ധമാണ്. അത് ഇവിടെ വ്യക്തമായിട്ടുള്ള കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കുന്നതാണ്;

സബ്മിഷൻ

ശ്രീ. എം. വി. രാഘവൻറെ സബ്മിഷൻ

ശ്രീ. എം. വി. രാഘവൻ: കേരളാ സോഷ്യലിസ്റ്റ് യുവജന ഫെഡറേഷനിലെ ചെറുപ്പക്കാർ തൊഴിലില്ലായ്മ വേതനം കിട്ടാൻ സെക്രട്ടറിയറ്റിലും അതുപോലെ പല ഭാഗത്തും സത്യാഗ്രഹങ്ങം നടത്തുകയാണ്. തൊഴിലില്ലായ്മവേതനം കൊടുത്തു എന്നാണ് ഗവൺമെൻറ് ബഡ്ജറ്റ് സമ്മേളനത്തിൽ പറഞ്ഞത്. എന്നാൽ എല്ലാവർക്കും കൊടുത്തിട്ടില്ല. ഇക്കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly